സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 30/09/2021
Email – swdkerala@gmail.com
Phone – 0471 – 2306040.

## സർക്കുലർ

വിഷയം:– സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം–ജില്ലാ ഓഫീസുകളിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന:– സാമൂഹ്യനീതി ഡയറക്ടറുടെ 07.01.2021 ലെ ഇതേ നം ഉത്തരവ്.

വകുപ്പിൻ കീഴിലുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിന് SPIO ആയി സീനിയർ സൂപ്രണ്ടിനേയും അപ്പലേറ്റ് അതോറിറ്റിയായി ജില്ലാ സാമൂഹ്യനീതി ഓഫീസറെയും ചുമതലപ്പെടുത്തി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എന്നാൽ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകളിന്മേലുള്ള അപ്പീൽ അപേക്ഷകൾ ഡയറക്ടറേറ്റ് കാര്യാലയത്തിൽ ലഭ്യമാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലാ ഓഫീസുകളിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷക്കുള്ള മറുപടി സൂചനയിലെ ഉത്തരവ് പ്രകാരം നൽകേണ്ടതും വിവരാവകാശ നിയമ പ്രകാരം മറുപടി നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ പേര് വിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : ഷീബ ജോർജ്ജ് IAS)**

ഉത്തരവ് നം:ഇ 5-1320/2020-SJD

തിരുവനന്തപുരം
തീയതി: 07/01/2021

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം -ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിവരാവകാശ നിയമ പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭ്യമാകുന്ന വിവരാവകാശ അപേക്ഷകളിൽ മറുപടി സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുവടെ പറയും പ്രകാരം ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ASPIO | SPIO | അപ്പലേറ്റ് അതോറിറ്റി |
|---|---|---|
| ജൂനിയർ സൂപ്രണ്ട് | സീനിയർ സൂപ്രണ്ട് | ജില്ലാ സാമൂഹ്യനീതി ഓഫീസർ |

ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ , സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,അപ്പലേറ്റ് അതോറിറ്റി എന്നിവരുടെ പേര് വിവരം അടങ്ങിയ നോട്ടീസ് ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള നടപടി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
പകർപ്പ് :

1. I T Cell (വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം